WEDNESDAY 29-12-2021 ബുധനാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


**FARM INFORMATION BUREAU**

**Agriculture Development and Farmer's Welfare Department**

**GOVERNMENT OF KERALA**

**Chief Editor : George Sebastian** **Editor : Dr Asha T T**

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186,2317314**

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

# എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS) - 29/12/2021

1. വിപണി ഇടപെടലുകളുടെ ഭാഗമായി ന്യായവിലയ്ക്ക് പച്ചക്കറികൾ കർഷകരിൽ നിന്ന് നേരിട്ട് ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിനു വേണ്ടി **തക്കാളി വണ്ടി** സജ്ജമാക്കിയിട്ടുണ്ട്. ഒരു കിലോ തക്കാളി 50 രൂപയ്ക്കും മിതമായ നിരക്കിൽ മറ്റു പച്ചക്കറികളും തക്കാളി വണ്ടിയിലൂടെ വില്പന നടത്തുന്നതായിരിക്കും. ഒരു ജില്ലയിൽ രണ്ട് വണ്ടി എന്ന തോതിൽ 28 വണ്ടികൾ സംസ്ഥാനത്ത് ഓടിത്തുടങ്ങി. വിപണിയിലെ വില കുറയുന്നതിനനുസരിച്ച് ഉൽപ്പന്നങ്ങളുടെ വില കുറയുന്നതായിരിക്കും. എന്നാൽ വിപണി വില വർദ്ധിക്കുമ്പോൾ, കൃഷിവകുപ്പ് വിപണികളിൽ വില വ്യത്യാസമില്ലാതെ തുടരുന്നതാണ്.

2. ക്രിസ്തുമസ്-പുതുവത്സര സീസൺ കണക്കിലെടുത്ത് കൃഷിവകുപ്പിന് കീഴിലുള്ള വിപണികളെല്ലാം 22.12.2021 മുതൽ ജനുവരി 1 വരെ ക്രിസ്മസ് വിപണികളായി പ്രവർത്തിക്കുന്നതാണ്.

3. കാർഷിക മേഖലയുടെ സുസ്ഥിര വികസനത്തിന് സഹായകരമായ സാങ്കേതിക വിദ്യകൾ കർഷകരിലേക്ക് നേരിട്ട് എത്തിക്കുക വഴി കാർഷികോൽപാദനവും വാർഷിക വരുമാനവും വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ വയനാട് കൃഷി വിജ്ഞാന കേന്ദ്രവും ആത്മ വയനാടും ഡിസംബർ 31 വരെ സാങ്കേതിക വിദ്യാവാരം **'പ്രതീക്ഷ 2021'** സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇന്ന് (29.12.2021) രാവിലെ 11 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ **'കുരുമുളകിലെ സംയോജിത വിള പരിപാലനം'** എന്ന വിഷയത്തിൽ സെമിനാറും ഉച്ചയ്ക്ക് ശേഷം **'കുരുമുളകിലെ ജനിതക ശേഖരങ്ങളുടെയും മികച്ച കാർഷിക ഉൽപ്പന്നങ്ങളുടെയും മത്സര പ്രദർശനവും'** ഉണ്ടായിരിക്കുന്നതാണ്. തുടർന്ന് **'പങ്കാളിത്ത കുരുമുളക് തൈ ഉൽപാദന പദ്ധതിയുടെ ഔദ്യോഗിക ഉത്ഘാടനം'** ഉണ്ടായിരിക്കുന്നതാണ്. നാളെ (30.12.2021) രാവിലെ 11 മണിക്ക് **'മൃഗസംരക്ഷണ മേഖലയിലെ സംരംഭകത്വ സാദ്ധ്യതകളും വെല്ലുവിളികളും'** എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറും **മത്സ്യ കൃഷിയിലെ സംരംഭകത്വ സാദ്ധ്യതകൾ, പ്രതിസന്ധികൾ, പ്രതിവിധികൾ** എന്ന വിഷയത്തിൽ ക്ലാസ്സും ഉണ്ടായിരിക്കും. തുടർന്ന് ഉച്ചയ്ക്ക് 2 മണി

മുതൽ **അനിമൽ ഹെൽത്ത് ക്ലിനിക്ക്** ഉണ്ടായിരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **04936 260411** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

4. കേരളത്തിന്റെ ഭൂപ്രകൃതിക്കും, കൃഷിക്കും, കാലാവസ്ഥയ്ക്കും അനുയോജ്യമായ നവീന കാർഷിക യന്ത്രങ്ങൾ വികസിപ്പിക്കുന്നതിൽ വ്യാപൃതരായവരുടെ സമാഗമം മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വച്ച് 2022 ഫെബ്രുവരി മാസം സംഘടിപ്പിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇവർ വികസിപ്പിച്ചെടുത്ത നൂതന കാർഷിക യന്ത്രങ്ങളുടെ പ്രദർശനവും സംഘടിപ്പിക്കുന്നതാണ്. ഈ സമാഗമത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള നൂതന കാർഷിക യന്ത്ര നിർമാതാക്കളോ / ഗ്രൂപ്പുകളോ 2022 ജനുവരി 15 നു മുമ്പായി കാർഷിക യന്ത്രവൽക്കരണ മിഷനിലേക്ക് spokksasc1@gmail.com എന്ന ഇമെയിൽ വിലാസത്തിലോ **8281200673** എന്ന വാട്ട്സ് അപ്പ് നമ്പരിലോ ബന്ധപ്പെടുക.

5. കർഷകക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കാൻ കർഷകർക്ക് http://kfwfb.kerala.gov.in എന്ന വെബ് പോർട്ടൽ വഴി അപേക്ഷിക്കാം. പതിനെട്ടിനും 55-നും ഇടയിൽ പ്രായമുള്ള, മൂന്നു വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗമായി സ്വീകരിക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. 100 രൂപ രജിസ്ട്രേഷൻ ഫീസടച്ച് അപേക്ഷിക്കണം. അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും ഭൂമി കൈവശമുള്ള, അഞ്ചു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളവരാകണം അപേക്ഷകർ. ഉദ്യാനകൃഷി, ഔഷധ സസ്യക്കൃഷി, നടീൽ വസ്തുക്കളുടെ ഉത്പാദനവും വിൽപനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളങ്ങൾ, തീറ്റപ്പുൽകൃഷി എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കും മത്സ്യം, അലങ്കാരമത്സ്യം, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, ആട്, മുയൽ, കന്നുകാലി ഉൾപ്പെടെയുള്ളവയെ പരിപാലിക്കുന്നവർക്കും അപേക്ഷിക്കാം. കുറഞ്ഞത് അഞ്ചു വർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ചശേഷം മരണമടയുന്നവരുടെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കും.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. വെള്ളായണി കാർഷിക കോളേജിലെ ഇൻസ്ട്രക്ഷണൽ ഫാമിൽ നിന്നും **കോമാടൻ, WCT, TxD** എന്നീ ഇനം തെങ്ങിൻ തൈകൾ വിപണനത്തിന് ലഭ്യമാണ്. കോമാടൻ -130 രൂപ, WCT-110 രൂപ, TxD- 250 രൂപ, TxD പോളീ ബാഗ് തൈ-280 രൂപ എന്നീ നിരക്കിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മുതൽ 4 വരെ തൈകൾ വാങ്ങാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് **0471 2383573, 9847910119** എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

### പരിശീലന പരിപാടികൾ

7. കേരള കാർഷിക സർവകലാശാലയിലെ വിജ്ഞാനവ്യാപന ഡയറക്ടറേറ്റിന്റെ കീഴിലുള്ള സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ **പാഠശാല – ഫാം ബിസിനസ്സ് സ്കൂൾ -നാലാമത്തെ ബാച്ച് 2022 ജനുവരി 10** മുതൽ ആരംഭിക്കുന്നു. കോവിഡിന്റെ പശ്ചാത്തലത്തിൽ പത്തു ദിവസത്തെ ഓൺലൈൻ പരിശീലന പരിപാടിയായിട്ടാണ് ഫാം ബിസിനസ്സ് സ്കൂൾ നടത്തുക. ഓരോ ബാച്ചിലും 20 സംരംഭകർക്കാണ് പരിശീലനം നൽകുന്നത്. കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത ഹയർസെക്കന്ററി. 2500 രൂപയാണ് അപേക്ഷ ഫീസ്. അപേക്ഷ നൽകേണ്ട അവസാന തിയതി **ജനുവരി 03.** https://forms.gle/LEHTjK7M68FoMvE27 എന്ന രജിസ്ട്രേഷൻ ലിങ്കിലൂടെ പരിശീലന പരിപാടിയിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.കൂടുതൽ വിവരങ്ങൾക്ക് www.kau.in / www.cti.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ **0487-2371104** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുകയോ ചെയ്യുക.

8. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കോഴി വളർത്തൽ, ആടു വളർത്തൽ, മുയൽ വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ **9400483754** എന്ന നമ്പറിൽ പ്രവർത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ 5 മണി വരെ വിളിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. അവസാന തീയതി ജനുവരി 5 ആണ്.